# രാഷ്ട്രീയ സ്വയംസേവക സംഘം-കേരളം

മാധവനിവാസ്, പെരണ്ടൂർ റോഡ്, എളമക്കര, കൊച്ചി 26

**2024 മാർച്ച് 15 മുതൽ 17 വരെ നാഗ്പൂരിലെ രേശിംഭാഗ് സ്മൃതിഭവനിൽ ചേർന്ന ആർഎസ്എസ് അഖിലഭാരതീയ പ്രതിനിധി സഭ അംഗീകരിച്ച പ്രമേയം**

# രാമക്ഷേത്രത്തിൽനിന്ന് രാഷ്ട്രപുനരുത്ഥാനത്തിലേക്ക്

**യു**ഗാബ്ദം 5125, പൗഷ ശുക്ല ദ്വാദശിയിൽ (2024 ജനുവരി 22) ശ്രീരാമജന്മഭൂമിയിൽ നടന്ന ശ്രീരാംലാല വിഗ്രഹത്തിന്റെ മഹത്തും ഭവ്യവുമായ പ്രാണപ്രതിഷ്ഠ ലോകചരിത്രത്തിലെ അലൗകികമായ ഒരു സുവർണ അധ്യായമാണ്. അനുഗൃഹീതമായ ഈ ലക്ഷ്യം സാധിച്ചതിന് പിന്നിൽ ഹിന്ദുസമൂഹം നൂറുകണക്കിന് വർഷങ്ങൾ നടത്തിയ ചെറുത്തുനില്പും അക്ഷീണമായ പോരാട്ടവും ത്യാഗവും ആദരണീയരായ സംന്യാസിമാരുടെയും ആചാര്യന്മാരുടെയും മാർഗദർശനത്തിൽ സമാജത്തിന്റെ എല്ലാ മേഖലയിലുമുള്ളവരുടെ ഒരുമിച്ചുചേർന്നുള്ള പരിശ്രമവുമുണ്ട്. ഗവേഷകർ, പുരാവസ്തു ഗവേഷകർ, ചിന്തകർ, നിയമപണ്ഡിതർ, മാധ്യമങ്ങൾ, ജീവൻ ബലിയർപ്പിച്ച കർസേവകരടക്കമുള്ള മുഴുവൻ ഹിന്ദുസമൂഹവും, സർക്കാരും അധികൃതരുമടക്കമുള്ളവരുടെ ശ്രദ്ധേയമായ സംഭാവനകളാണ് ജീവിതത്തിലെ പവിത്രമായ ഈ മുഹൂർത്തത്തിന് സാക്ഷ്യംവഹിക്കാനുള്ള അവസരം ഒരുക്കിയത്. ഈ പോരാട്ടത്തിൽ ജീവൻ വെടിഞ്ഞ എല്ലാ ധീരർക്കും ആർഎസ്എസ് അഖിലഭാരതീയ പ്രതിനിധിസഭ കൃതജ്ഞതകളോടെ ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.

ശ്രീരാമക്ഷേത്രപ്രാണപ്രതിഷ്ഠയ്ക്കുമുന്നോടിയായുള്ള അക്ഷതവിതരണ സമ്പർക്കത്തിൽ മുഴുവൻ സമൂഹവും സജീവമായി പങ്കെടുത്തു. എല്ലാ നഗരങ്ങളിലും ഒട്ടുമിക്ക ഗ്രാമങ്ങളിലുമുള്ള കോടാനുകോടി കുടുംബങ്ങളെ ലക്ഷക്കണക്കിന് രാമഭക്തർ സമ്പർക്കം ചെയ്തു. ജനുവരി 22ന് ഭാരതത്തിൽ മാത്രമല്ല, ലോകമാകെ വലിയ പരിപാടികൾ സംഘടിപ്പിച്ചു. സാന്ദർഭികമായി സംഘടിപ്പിച്ച നാമസങ്കീർത്തനയാത്രകളും വീടുകൾ തോറും കാവിപതാകകൾ ഉയർത്തിയതും ദീപോത്സവങ്ങൾ കൊണ്ടാടിയതും ക്ഷേത്രങ്ങളിലും ധാർമ്മികകേന്ദ്രങ്ങളിലും നടന്ന പ്രാർത്ഥനാസഭകളും സമൂഹത്തിലുടനീളം പുതിയ ഊർജ്ജം സൃഷ്ടിച്ചു.

ധാർമ്മിക, രാഷ്ട്രീയ രംഗത്തെ ഉന്നത നേതൃത്വങ്ങൾ, സാമൂഹിക ജീവിതത്തിന്റെ എല്ലാ മേഖലയിലും പെട്ട പ്രമുഖ വ്യക്തിത്വങ്ങൾ, എല്ലാ വിശ്വാസ, പാരമ്പര്യ, സമ്പ്രദായങ്ങളിലും പെട്ട ആചാര്യന്മാർ തുടങ്ങിയവരെല്ലാം അയോദ്ധ്യയിലെ ശ്രീരാമക്ഷേത്രത്തിലെ പ്രാണപ്രതിഷ്ഠാദിനത്തിൽ സന്നിഹിതരായി.

ശ്രീരാമന്റെ മൂല്യങ്ങളിൽ അധിഷ്ഠിതമായ സമന്വയപൂർണവും സംഘടിതവുമായ ദേശീയ ജീവിതം കെട്ടിപ്പടുക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഭാരതത്തിന്റെ ദേശീയ പുനരുജ്ജീവനത്തിന്റെ മഹത്തായ ഒരു യുഗത്തിന് തുടക്കം കുറിക്കുന്നതിന്റെ സൂചന കൂടിയാണിത്. ശ്രീരാമജന്മഭൂമിയിലെ രാംലാലയുടെ പ്രാണപ്രതിഷ്ഠയോടെ വൈദേശിക വാഴ്ചയുടെയും സംഘർഷത്തിന്റെയും കാലത്തുനേരിട്ട ആത്മവിശ്വാസക്കുറവിൽ നിന്നും ആത്മവിസ്മൃതിയിൽ നിന്നും സമൂഹം പുറത്തുവരുകയാണ്. ഹിന്ദുത്വത്തിന്റെ ആത്മാവിൽ അലിഞ്ഞുചേർന്ന സമൂഹമാകെ അതിന്റെ 'സ്വ' (തനിമ) തിരിച്ചറിയാനും അതനുസരിച്ച് ജീവിക്കാനും തയാറെടുക്കുകയാണ്.

മര്യാദാപുരുഷോത്തമനായ ശ്രീരാമന്റെ ജീവിതം സാമൂഹിക ഉത്തരവാദിത്തങ്ങളോട് പ്രതിബദ്ധത പുലർത്താനും സമാജത്തിനും രാജ്യത്തിനും വേണ്ടി ജീവിതം ത്യജിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നു. രാമരാജ്യമെന്ന പേരിൽ ലോകചരിത്രത്തിൽ ഇടം പിടിച്ച അദ്ദേഹത്തിന്റെ ഭരണപദ്ധതിയുടെ ആദർശം സാർവത്രികവും ശാശ്വതവുമാണ്. ജീവിതമൂല്യങ്ങളുടെ അപചയം, മാനുഷിക സംവേദനക്ഷമതയില്ലായ്മ, വ്യാപകമാകുന്ന അക്രമം, ക്രൂരത തുടങ്ങിയ വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന ഇന്നത്തെ ലോകത്തിന് രാമരാജ്യമെന്ന ഈ ആദർശം ഇന്നും അനുകരണീയമാണ്.

മര്യാദപുരുഷോത്തമനായ ശ്രീരാമന്റെ ആദർശങ്ങൾ ജീവിതത്തിൽ പ്രതിഷ്ഠിക്കുന്നതിന് സമൂഹം പ്രതിജ്ഞയെടുക്കണമെന്നും അതുവഴി ശ്രീരാമക്ഷേത്ര പുനർനിർമ്മാണത്തിന്റെ ലക്ഷ്യം അർത്ഥപൂർണമാകുമെന്നും പ്രതിനിധിസഭ വിലയിരുത്തുന്നു. ശ്രീരാമന്റെ ജീവിതത്തിൽ പ്രതിഫലിക്കുന്ന ത്യാഗം, വാത്സല്യം, നീതി, പരാക്രമം, സൗമനസ്യം, ന്യായം തുടങ്ങിയ ശാശ്വതമായ ധാർമികമൂല്യങ്ങൾ സമൂഹത്തിൽ വീണ്ടും പ്രതിഷ്ഠിക്കേണ്ടത് അനിവാര്യമാണ്. എല്ലാ തരത്തിലുമുള്ള കലഹങ്ങളും വിവേചനങ്ങളും ഇല്ലാതാക്കി സൗഹാർദ്ദത്തിൽ അധിഷ്ഠിതമായ, പുരുഷാർത്ഥത്തിലൂന്നിയ സമൂഹം കെട്ടിപ്പടുക്കുക എന്നതാണ് ശ്രീരാമനോടുള്ള യഥാർത്ഥ ആരാധന.

സാഹോദര്യവും കർത്തവ്യബോധവും മൂല്യാധിഷ്ഠിത ജീവിതവും സാമൂഹിക നീതിയും ഉറപ്പാക്കുന്ന സമർത്ഥ ഭാരതം കെട്ടിപ്പടുക്കാൻ അഖില ഭാരതീയ പ്രതിനിധി സഭ എല്ലാ ഭാരതീയരെയും ആഹ്വാനം ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, സാർവത്രിക ക്ഷേമം ഉറപ്പാക്കുന്ന ഒരു ആഗോള ക്രമം വളർത്തിയെടുക്കുന്നതിൽ ഭാരതത്തിന് ഒരു പ്രധാന പങ്ക് വഹിക്കാനാകുമെന്ന് പ്രതിനിധിസഭ വിലയിരുത്തുന്നു.